ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ കോഴ

75 (80) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റ് നികുതി നിർദ്ദേശങ്ങളിൽ നിന്നും ഒഴിവാക്കാൻ സ്വർണ്ണ വ്യാപാരികൾ, ബേക്കറി ഉടമകൾ, ക്വാറി ഉടമകൾ തുടങ്ങിയവരിൽ നിന്നും ധനകാര്യ വകുപ്പുമന്ത്രി കോഴ വാങ്ങുന്നതായി ആക്ഷേപിച്ചുകൊണ്ടുള്ള ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പരാമർശം പത്ര ദൃശ്യ മാദ്ധ്യമങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗൗരവകരമായ ഈ ആരോപണങ്ങൾ സംബന്ധിച്ച് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ ഏത് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങുന്ന സംഘമാണ് അന്വേഷണം നടത്തിയിരിക്കുന്നത്;

(സി) നികുതി വരവിലും, അധിക വിഭവസമാഹരണത്തിലും പ്രതീക്ഷിച്ച നേട്ടം പോലും ഇല്ലാതായിരിക്കുന്നതിന്റെയടിസ്ഥാനത്തിൽ ആക്ഷേപത്തിന്റെ ഗൗരവം പരിഗണിച്ച്, ധനകാര്യ വകുപ്പ് ബന്ധപ്പെട്ട മന്ത്രിയിൽ നിന്നും എടുത്ത് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി &സി) ഇല്ല

പ്രതിപക്ഷനേതാവിന്റെ ചെലവുകളും ഔദ്യോഗിക നിയമനങ്ങളും

76 (81) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ജോസഫ് വാഴക്കൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതി മോടിപിടിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചെലവഴിച്ച തുകയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly